പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 117

# 2022-ലെ കേരള കാവുകൾ സംരക്ഷണ-വികസന അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 117

# 2022-ലെ കേരള കാവുകൾ സംരക്ഷണ-വികസന അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

753/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 117

# 2022-ലെ കേരള കാവുകൾ സംരക്ഷണ-വികസന അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

പ്രകൃതിയുടെ അടിസ്ഥാനമായ ജൈവ വ്യൂഹത്തിലെ അംഗങ്ങളായ കാവുകളുടെ വിസ്തൃതി കുറഞ്ഞുവരികയും നിർമ്മാണ പ്രവർത്തനങ്ങളും മനുഷ്യ അധിനിവേശവും നിമിത്തവും കാവുകൾ നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവയെ പ്രകൃതിക്ക് അനുയോജ്യമായതരത്തിൽ നിലനിർത്തുന്നതിനും അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—പ്രകൃതിയുടെ പച്ചപ്പായതും വിവിധ പക്ഷിമൃഗാദികളുടെ ആവാസ വ്യവസ്ഥയുമായ കാവുകളുടെ നശീകരണം പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുത്തുമെന്നതിനാൽ കാവുകളുടെ അനിയന്ത്രിതമായ നശീകരണം തടഞ്ഞ് അവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഒരു നിയമം ഉറപ്പുവരുത്തേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള കാവുകൾ സംരക്ഷണ വികസന അതോറിറ്റി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'കാവുകൾ' എന്നാൽ മതാധിഷ്ഠിത വിശ്വാസങ്ങൾക്ക് അധിഷ്ഠിതമായി തലമുറകളായി സംരക്ഷിച്ചുപോരുന്ന വനമേഖലകളെയോ, പ്രകൃത്യായുള്ള വൃക്ഷ സമൂഹത്തെയോ കാവുകൾ അഥവാ വിശുദ്ധ വനങ്ങൾ എന്നർത്ഥമാകുന്നു;

(ബി) ' സർക്കാർ ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) 'അതോറിറ്റി' എന്നാൽ ഈ ആക്ടിലെ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കാവ് സംരക്ഷണ അതോറിറ്റി എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാന അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് (1) ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന കാവ് സംരക്ഷണ അതോറിറ്റി എന്നർത്ഥമാകുന്നു;

(ഇ) ജില്ലാ അതോറിറ്റി എന്നാൽ ഈ ആക്റ്റിലെ 4(3) വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ അതോറിറ്റി എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) ' സംസ്ഥാനം ' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എച്ച്) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾക്കനുസരിച്ച് പുറപ്പെടുവിക്കുന്ന ഗസറ്റ് വിജ്ഞാപനം എന്നർത്ഥമാകുന്നു.

3. <u>കാവ് സംരക്ഷണ വികസന അതോറിറ്റി രൂപീകരണം</u>.—സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും കേരള കാവുകൾ സംരക്ഷണ അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

4. <u>അതോറിറ്റിയുടെ ഘടന</u>.—(1) അതോറിറ്റി ഗസറ്റ് വിജ്ഞാപനത്തിലൂടെ നിർണയിക്കപ്പെടാവുന്ന എണ്ണത്തിൽ അംഗങ്ങളെ നിയമിക്കാവുന്നതും അതിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് നിയമസഭാ സാമാജികരും രണ്ട് പരിസ്ഥിതി പ്രവർത്തകരും ഉൾപ്പെടേണ്ടതും സർക്കാർ നിർദ്ദേശിക്കുന്ന ചുവടെ ചേർക്കുന്ന അംഗങ്ങളും ആയിരിക്കേണ്ടതാണ്.

(2) അതോറിറ്റിയിലെ അംഗങ്ങൾ:

(എ) സംസ്ഥാന വനം വകുപ്പ് ഡയറക്ടർ

(ബി) സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് ഡയറക്ടർ

(സി) ലാന്റ് റവന്യൂ കമ്മീഷണർ

(ഡി) പൊതുഭരണ-ധനകാര്യ-നിയമ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ താഴെയല്ലാത്ത ഓരോ ഉദ്യോഗസ്ഥർ.

(3) അതോറിറ്റിയിലെ അംഗങ്ങളിൽ നിന്നും ഒരാളെ സർക്കാർ ചെയർമാനായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ആക്റ്റിൽ നിർദ്ദേശിക്കുന്ന രീതിയിൽ അതിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെപ്പറയും പ്രകാരം ഭരണം നടത്തേണ്ടതാണ്:

(എ) സംസ്ഥാനത്തിലെ കാവുകളുടെ വിസ്തൃതി സംബന്ധിച്ച് സാറ്റലൈറ്റ് അടക്കമുള്ള അത്യാധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് പഠനം നടത്തി കാവുകളുടെ വിസ്തൃതി സമയബന്ധിതമായി നിർണ്ണയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുക;

(ബി) നോട്ടിഫൈ ചെയ്ത പ്രകാരമുള്ള സർക്കാർ-സ്വകാര്യ ഭൂമിയിലുള്ള കാവുകൾ വെട്ടി നശിപ്പിക്കാതെ സ്ഥല-വിഭവ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും ബയോഡൈവേഴ്സിറ്റി പാർക്ക്, ടൂറിസം, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുക;

(സി) കാവ് സംരക്ഷണത്തിന്റെ ആവശ്യകത പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുകയും പൊതുജന പങ്കാളിത്തത്തോടെ കാവുകൾ സംരക്ഷിക്കുകയും വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക;

(ഡി) കാവുകൾ വച്ചുപിടിപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും തല്പരരായ വ്യക്തികളെയോ സ്ഥാപനങ്ങളെയോ ട്രസ്റ്റുകളെയോ, കുടുംബങ്ങളെയോ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക;

(ഇ) വിസ്തൃതി വർദ്ധിപ്പിക്കാൻ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സ്ഥലത്ത് ആയത് വച്ചുപിടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും അവ നിർണയിക്കപ്പെട്ട ഇടവേളകളിൽ മോണിറ്റർ ചെയ്യുന്നതിന് ജില്ലാതല സമിതികൾക്കും പ്രാദേശിക സമിതികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക;

(എഫ്) കാവുകളിലും സമീപ പ്രദേശങ്ങളിലും ഖരമാലിന്യ നിക്ഷേപം നടത്തുന്നതും വ്യവസായശാലകൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങളും മലിനജലവും ഒഴുക്കിവിടുന്നതും തടയുക;

(ജി) അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ ജില്ലകൾ തോറും ജനപ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജില്ലാതല സമിതികൾ രൂപീകരിക്കാവുന്നതാണ്;

(എച്ച്) കാവുകൾക്ക് കൂടുതൽ സംരക്ഷണം ഉറപ്പാക്കുന്നതിലേക്കായി കാവുകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും അടങ്ങുന്ന പ്രാദേശിക സമിതികൾ നിർണയിക്കാവുന്നതാണ്.

എന്നാൽ 4 (3) (എഫ്), (ജി) എന്നീ ഉപവകുപ്പുകൾ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാസമിതികളുടെയും പ്രാദേശിക സമിതികളുടെയും അധികാരങ്ങളും കർത്തവ്യങ്ങളും അതോറിറ്റിയുടെ പരിപൂർണ്ണ നിയന്ത്രണത്തിന് വിധേയമായിരിക്കേണ്ടതാണ്;

(ഐ) കാവുകളിൽ നിന്നും ചികിത്സാ ആവശ്യത്തിനോ ശാസ്ത്രപരീക്ഷണങ്ങൾക്കോ ആവശ്യമെങ്കിൽ വിഭവങ്ങൾ ശേഖരിക്കാവുന്നതും, എന്നാൽ അവയുടെ അമിതമായ രീതിയിലുള്ള ചൂഷണം തടയേണ്ടതും ആകുന്നു.

എന്നാൽ കാവുകളിൽ നിന്നും ചികിത്സാ ആവശ്യത്തിനൊഴികെ മറ്റ് ആവശ്യങ്ങൾക്ക് വിഭവശേഖരണം നടത്തുന്നതിന് അതോറിറ്റിയുടെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ്;

(ജെ) കാലാവസ്ഥാ വ്യതിയാനത്തിനും ആഗോളതാപനത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് കൂടുതൽ കാവുകൾ രൂപീകരിക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെടുത്തുന്നതിലേക്കായി പ്രവർത്തനം നടത്തുകയും ചെയ്യുക;

(കെ) അതോറിറ്റിയുടെ ആസ്ഥാനം നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സർക്കാരിന് തീരുമാനിക്കാവുന്നതാണ്.

5. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ.—ഈ ആക്റ്റ് പ്രകാരം സർക്കാരിന് അതോറിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് അതോറിറ്റിയെ സഹായിക്കുന്നതിനായി ഒരു സെക്രട്ടറിയെയും ആവശ്യമെങ്കിൽ അവർ കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

6. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു വേണ്ട ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പ്രകൃത്യാരാധനയുടെ ഉദാത്തമായ ഉദാഹരണം കാവുകളിലാണ് ദൃശ്യമാകുന്നത്. കേരള വനം വകുപ്പിന്റെയും കേരള ജൈവവൈവിധ്യബോർഡിന്റെയും ഔദ്യോഗിക രേഖകൾ പ്രകാരം സംസ്ഥാനത്ത് 1064 കാവുകളാണ് ഉള്ളത്. ഇരുപത് ഹെക്ടർ വരെ വിസ്തീർണ്ണമുള്ള കാവുകൾ ഉൾപ്പെടെയുള്ളവയുടെ കണക്കുകൾ അപൂർണ്ണവുമാണ്. ജലാശയങ്ങളും മരങ്ങളും ജീവജാലങ്ങളുമായി സമ്പുഷ്ടമായ ആവാസവ്യവസ്ഥയായ കാവുകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ളവയെ അടയാളപ്പെടുത്തുന്നതിനും കാവുകളിൻമേൽ മനുഷ്യാധിനിവേശം തടയുന്നതിനും മലിനമാക്കപ്പെടാതിരിക്കുവാനും അപൂർവ്വ സസ്യലതാദികളും സംരക്ഷണവും ഉറപ്പുവരുത്തുന്നത് കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ അതിനുവേണ്ടി ബോധവത്കരണം നടത്തി കാവ് സംരക്ഷണം നടത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി അമ്പത് ലക്ഷം രൂപയുടെ ചെലവ് സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലാണ്.

അനൂപ് ജേക്കബ്, എം.എൽ.എ.